**Deshabhimani**

**13 August 2018**

**Kochi: Eloor, ,Flood relief , Clening**

# ഏലൂരിൽ സന്നദ്ധസേന വീടുകൾ ശുചീകരിച്ചു

**കളമശേരി**

സിപിഐ എം കളമശേരി ഏരിയ കമ്മിറ്റി കഴിഞ്ഞദിവസം രൂപീകരിച്ച 500 അംഗ സന്നദ്ധസേനയിലെ ഒരു വിഭാഗം ഞായറാഴ്ച ഏലൂർ നഗരസഭാ പ്രദേശത്ത് ശുചീകരണം നടത്തി. രാവിലെ ചേരാനല്ലൂർ ഫെറിയിൽ ഏരിയ സെക്രട്ടറി വി എ സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു.

250 സന്നദ്ധപ്രവർത്തകരാണ് വെള്ളക്കെട്ട് മാറിയ വീടുകളിലെ ശുചീകരണം ഏറ്റെടുത്തത്. എസ്എഫ്ഐ, ഡിവൈഎഫ്ഐ, ജനാധിപത്യ മഹിളാ അസോസിയേഷൻ, കർഷക സംഘം, കർഷക തൊഴിലാളി യൂണിയൻ, സിഐടിയു തുടങ്ങിയ സംഘടനാംഗങ്ങളാണ് വളന്റിയർമാരായി രംഗത്തിറങ്ങിയത്.10 സ്ക്വാഡുകളായി തിരിഞ്ഞായിരുന്നു ശുചീകരണം. എ ഡി സുജിൽ, ടി വി ശ്യാമളൻ, കെ ബി സുലൈമാൻ തുടങ്ങിയവർ നേതൃത്വം നൽകി.



സിപിഐ എം കളമശേരി ഏരിയ സന്നദ്ധസേനാപ്രവർത്തനം വി എ സക്കീർഹുസൈൻ ഉദ്ഘാടനംചെയ്യുന്നു

മഞ്ഞുമ്മൽ, മുട്ടാർ, 23ആം വാർഡ്, ദേവസ്വം പാടം, ചേരാനല്ലൂർ ഫെറി, നാറാണം, കുഴിക്കണ്ടം, പള്ളിപ്പുറംചാൽ, ഡിപ്പൊ, കോൺവെന്റ്, പത്തേലക്കാട്, ഒമ്പതാം വാർഡ്, വലിയചാൽ തോട് ഭാഗം, 12ആം വാർഡ് , പഞ്ചായത്ത് കോളനി, അച്ചപുരം ബോസ്കോ കോളനി പ്രദേശങ്ങളിലെ വീടുകളാണ് ഞായറാഴ്ച ശുചീകരിച്ചത്. ചെളി അടിഞ്ഞുകൂടിയ വീടിന്റെ ഉൾഭാഗം വെള്ളമൊഴിച്ച് കഴുകി വൃത്തിയാക്കി ഫിനോൾ തളിക്കുകയും പരിസരം ശുചീകരിച്ച് ബ്ലീച്ചിങ് പൗഡർ, കുമ്മായം എന്നിവ വിതറുകയും ചെയ്തു. ശേഷിക്കുന്ന വീടുകളും സന്നദ്ധസംഘം തിങ്കളാഴ്ച ശുചിയാക്കും. ചൊവ്വാഴ്ചയോടെ ദുരിതാശ്വാസ കേന്ദ്രങ്ങളിൽനിന്ന് മടങ്ങുന്നവർക്ക് 10 കിലൊ അരി ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യും.